പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1062

05/03/2020-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മൂന്ന് വർഷത്തിനിടയിൽ എത്ര ലക്ഷം കുട്ടികളാണ് പൊതു വിദ്യാലയങ്ങളിൽ അധികമായി എത്തിച്ചേർന്നത്; വ്യക്തമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളീയ രക്ഷാകർതൃ സമൂഹത്തിലുണ്ടാക്കിയ ആത്മ വിശ്വാസം കുട്ടികളുടെ പ്രവേശന പ്രവണതകളിൽ പ്രതിഫലിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ സർക്കാർ/സർക്കാർ എയ്ഡഡ് മേഖലയിലുള്ള എല്ലാ സ്കൂളുകളിലുമായി 2017-18 അധ്യയന വർഷം 1,56,565 കുട്ടികളും, 2018-19 അധ്യയന വർഷം 1,84,728 കുട്ടികളും, 2019-20 അധ്യയന വർഷം 1,63,558 കുട്ടികളും പുതുതായി വന്നു ചേർന്നിട്ടുണ്ട്. ആകെ മൂന്നു വർഷങ്ങളിലായി 5,04,851 കുട്ടികൾ പുതുതായി വന്നു ചേർന്നു. |
| (ബി) സംസ്ഥാനത്ത് ഒന്നുമുതൽ ഹയർ സെക്കന്ററി തലം വരെ പഠിക്കുന്ന കുട്ടികളുടെ സ്കൂൾ സമയം ഇപ്പോൾ എപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നത്; | (ബി) സംസ്ഥാനത്ത് പ്രൈമറി തലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള കുട്ടികളുടെ സ്കൂൾ സമയം നിലവിൽ സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ ഭൗതിക, സാമൂഹിക, പാരിസ്ഥിക സാഹചര്യങ്ങൾക്ക് അനുകൂലമായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ ക്രമീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. കെ.ഇ.ആർ 7-ാം അധ്യായത്തിലെ ചട്ടം4(3) പ്രകാരം വെള്ളിയാഴ്ചകളിലെ സമയക്രമം നിജപ്പെടുത്തിയിട്ടുണ്ട്. രാവിലെ 9.30 മുതൽ 12.30 വരെയും , 2.00 മുതൽ 4.00 വരെയുമാണ് വെള്ളിയാഴ്ചകളിലെ പ്രവൃത്തി സമയം . മറ്റ് ദിവസങ്ങളിൽ രാവിലെയും ഉച്ചക്ക് ശേഷവുമായി 5 മണിക്കൂർ ഉൾക്കൊള്ളുന്നതായിരിക്കണം സ്കൂൾ പ്രവൃത്തി സമയം എന്ന് കെ.ഇ.ആർ 8-ാം അധ്യായത്തിലെ ചട്ടം 3 നിഷ്കർഷിക്കുന്നു. |

| | | |
|---|---|---|
| (സി) | പ്രസ്തുത സ്കൂൾ സമയം മാറ്റാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏത് സമയം മുതൽ ഏത് സമയം വരെ ആക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (സി) യും (ഡി) യും വിശദമായ ചർച്ചകളിലൂടെ തീരുമാനത്തിലെത്തേണ്ട വിഷയമാണ്. |
| (ഡി) | സ്കൂൾ സമയം രാവിലെ മുതൽ ഉച്ചവരെയാക്കിയാൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് കൂടുതൽ മികച്ച തൊഴിലധിഷ്ഠിത പരിശീലനം നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ? | |

Namitha P

**സെക്ഷൻ ഓഫീസർ**